(ഡി) അറിയാം.

(ഇ) അധികം വകയിരുത്തുന്ന തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് തിരിച്ചു നൽകാറുണ്ട്.

(എഫ്) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വെള്ളക്കരയിനത്തിൽ അടയ്ക്കുവാനുള്ള തുക സംബന്ധിച്ച വിവരം വാട്ടർ അതോറിറ്റിയുടെ അതാത് ഡിവിഷനിൽ നിന്നും ശേഖരിച്ച് ആയത് ഏകീകരിച്ച് വാർഷിക കണക്ക് മുനിസിപ്പൽ ഡയറക്ടർക്കും പഞ്ചായത്ത് ഡയറക്ടർക്കും ലഭ്യമാക്കാറുണ്ട്.

ഗ്രാമീണ മേഖലയിൽ സാമൂഹ്യാധിഷ്ഠിത കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസികൾ

30 [2746] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ സാമൂഹ്യാധിഷ്ഠിത കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസികൾ ഏതെല്ലാമാണ്;

(ബി) സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ഇത്തരത്തിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ ഏജൻസി തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി, കേരള റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസി, കൊല്ലം ജില്ലാ പഞ്ചായത്ത്, കാസർഗോഡ് ജില്ലാ പഞ്ചായത്ത്.

(ബി) കേരള വാട്ടർ അതോറിറ്റി 130 ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ ഏറ്റെടുത്തതിൽ 49 പദ്ധതികളുടെ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. സ്വജൽധാര-1 പദ്ധതി പ്രകാരം ഡിസ്ട്രിക്ട് വാട്ടർ & സാനിട്ടേഷൻ മിഷൻ മുഖേന 199 പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ വർഷ പദ്ധതി പ്രകാരം 1058 യൂണിറ്റുകളുടെ പണികൾ ഏറ്റെടുത്തതിൽ 521 യൂണിറ്റുകളുടെ പണികൾ പൂർത്തീകരിച്ചു.

ലോകബാങ്ക് സഹായത്തോടെ കേരള റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസി വഴി നടപ്പിലാക്കുന്ന ശുദ്ധജല-ശുചിത്വ പദ്ധതി പ്രകാരം തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ 78 പഞ്ചായത്തുകളിലായി 723 ചെറുകിട ശുദ്ധജല പദ്ധതികൾ പ്രവർത്തനനിരതമാണ്.

കൊല്ലം ജില്ലാ പഞ്ചായത്ത് മുഖേന നടപ്പിലാക്കിയ രാജീവ് ഗാന്ധി ദേശീയ കുടിവെള്ള മിഷൻ പദ്ധതി പ്രകാരം 26 ഗ്രാമ പഞ്ചായത്തുകളിലായി 233 ഗ്രാമീണ ശുദ്ധജല പദ്ധതികൾ ഏറ്റെടുത്തതിൽ 102 പദ്ധതികളും 25 സ്കൂൾ കുടിവെള്ള പദ്ധതികൾ ഏറ്റെടുത്തതിൽ 8 പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലാ പഞ്ചായത്ത് മുഖേന നടപ്പിലാക്കിയ രാജീവ് ഗാന്ധി ദേശീയ കുടിവെള്ള മിഷൻ പദ്ധതി പ്രകാരം 231 സാമൂഹ്യാധിഷ്ഠിത കുടിവെള്ള പദ്ധതികളും 24 സ്കൂൾ കുടിവെള്ള പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റി പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള സ്കീമുകൾ

31 [2747] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ഏതെല്ലാം സ്കീമുകളാണ് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) 1000 സ്കീമുകൾ പഞ്ചായത്തുകൾക്ക് കൈമാറുമ്പോൾ പമ്പ് ഓപ്പറേറ്റർമാരെ ആവശ്യമില്ലെന്ന് പഞ്ചായത്തുകൾ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി 163 സ്കീമുകളാണ് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളത്. വിശദാംശം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

സ്വജൽധാര കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് രീതി

32 [2748] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സ്വജൽധാര കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് രീതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കീഴിൽ എത്ര പദ്ധതികളാണ് സംസ്ഥാനത്ത് ഇതേവരെയായി പൂർത്തിയാക്കിയിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗ്രാമീണ ജനതയ്ക്ക് വേണ്ടി അവർ തന്നെ ആവിഷ്കരിച്ച് നടപ്പിലാക്കി പരിപാലിക്കുന്ന കുടിവെള്ള പദ്ധതിയാണ് സ്വജൽധാര. 90% കേന്ദ്രസഹായമുള്ള ഈ പദ്ധതിക്ക് വേണ്ടി ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കോ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഗുണഭോക്തൃ സമിതികൾക്കോ സ്കൂൾ പി. റ്റി. എ.-കൾക്കോ അപേക്ഷിക്കാവുന്നതാണ്. ബാക്കി 10% തുകയിൽ 5% തുക ഗുണഭോക്താക്കൾ

LIBRARY ARCHIVES Kerala Legislative Assembly